

# മലയാള ഭാഷാസൂത്രണം:

## സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ: ഡോ. സ്മിത കെ. നായർ

| | |
|---|---|
| മലയാളഭാഷാസൂത്രണം : | Malayala Bhashasoothranam : |
| സമകാലികഭാഷാസാഹചര്യങ്ങളിൽ | Samakalika Bhasha saahacharyangalil |
| • | • |
| എഡിറ്റർ | Editor |
| ഡോ. സ്മിത കെ. നായർ | Dr. Smitha K. Nair |
| • | • |
| പ്രസിദ്ധീകരണം : ഭാഷാശാസ്ത്രസ്കൂൾ | Published by: Bhashasastraschool |
| © തുഞ്ചത്തെഴുത്തച്ഛൻ | © Thunchath Ezhuthachan |
| മലയാളസർവകലാശാല, | Malayalam University, Aksharam Campus, |
| അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ, | Vakkad P.O., Tirur, Malappuram Dist., |
| മലപ്പുറം, കേരള - 676 502. | Kerala - 676 502. |
| വില: ₹ 400 | Price: ₹ 400 |
| പ്രസിദ്ധീകരിച്ച വർഷം : ഒക്ടോബർ 2022 | First published: October 2022 |
| അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി | Printed at : The Calicut University |
| സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ | Central Co-operative Stores Ltd. |
| കവർ ഡിസൈൻ : ലിജീഷ് എം.ടി. | Cover designed by: Lijeesh M. T. |
| രൂപകല്പന : ബിയോണ്ട് പബ്ലിഷേഴ്സ്, | Layout : Beyond Publishers, |
| തിരുവനന്തപുരം-35 | Law College Jn. Thiruvananthapuram -35 |
| തുഞ്ചത്തെഴുത്തച്ഛൻ | Thunchath Ezhuthachan |
| മലയാളസർവകലാശാല | Malayalam University |
| ഇ-മെയിൽ : | e-mail : |
| publication@temu.ac.in | publication@temu.ac.in |
| ISBN 978-93-91808-18-1 | ISBN 978-93-91808-18-1 |


No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# മലയാളഭാഷാസൂത്രണം: സമകാലിക ഭാഷാസാഹചര്യങ്ങളിൽ

എഡിറ്റർ

ഡോ. സ്മിത കെ. നായർ

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
തിരൂർ

## ഉള്ളടക്കം

11

1. ഭാഷാസൂത്രണവും ആഗോളീകരണവും
*ഡോ. എച്ച്. കെ. സന്തോഷ്* 28

2. അധികാരവും ഭാഷാനയരൂപീകരണവും
*ഡോ. സ്മിത കെ. നായർ* 36

3. കോളനീകരണത്തിന്റെ കണ്ണാടികൾ -
ആസൂത്രണകാലത്തെ കാഴ്ചകൾ
*ഡോ. രാകേഷ് ചെറുകോട്* 43

4. ഭാഷാസൂത്രണം : അടിസ്ഥാന സങ്കൽപ്പനങ്ങൾ
*ഡോ. സി. സെയ്തലവി* 60

5. മാതൃഭാഷയും നവോത്ഥാനവും
*ഡോ. കെ. എം. അനിൽ* 78

6. ഭാഷാനയവും ഭാഷാഭ്യസനവും
*പ്രൊഫ. വി. കാർത്തികേയൻ നായർ* 84

7. ശാസ്ത്രമലയാളാസൂത്രണം
*പ്രൊഫ. എം. ശ്രീനാഥൻ* 103

8. സാങ്കേതികപദ വിവർത്തനം ഗൃഹശാസ്ത്രം എന്ന
പുസ്തകത്തെ ആസ്പദമാക്കിയുള്ള പഠനം
*ഡോ. ജി. സജിന*

9. ഹയർസെക്കന്ററി ശാസ്ത്രവിഷയങ്ങളുടെ മലയാളം പരിഭാഷ:
പന്ത്രണ്ടാം തലത്തിലെ ഭൗതികശാസ്ത്രം പാഠപുസ്തകത്തെ 112
മുൻനിർത്തിയുള്ള പഠനം
*അശ്വനി. എ. പി* 131

10. ജ്ഞാനനിർമ്മിതിവാദവും മാതൃഭാഷാപഠനവും -
*ഡോ. അശോക് ഡിക്രൂസ്* 144

11. മലയാളഭാഷാസൂത്രണം സ്കൂൾ പാഠ്യപദ്ധതിയിൽ
*ഡോ. രജനി സുബോധ്* 151

12. മാതൃഭാഷാമാധ്യമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി
*ഡോ. സുരേഷ്.പി* 160

13. മാതൃഭാഷ : സമീപനങ്ങൾ, നിലപാടുകൾ
*ഡോ. സി. ഗണേഷ്*

14. ഭരണഭാഷാനയത്രൂപീകരണം : വിദ്യാഭ്യാസ മാധ്യമത്തിന്റെയും തൊഴിൽ പരീക്ഷാ മാധ്യമത്തിന്റെയും പ്രസക്തി 167
*ത്രൂപിമ എസ്*

15. സാംസ്കാരിക അധിനിവേശവും ഭാഷാഹത്യയും 176
*സിന്ധു സാജൻ*

16. ഗോത്രവർഗഭാഷകളുടെ നിലനിൽപ്പുഭീഷണികൾ 185
*ശിവദത്ത് എം.കെ*

17. തർജ്ജമ എന്ന നരഭോജനം : ഭാഷയിൽ ഉടൽപൂണ്ട ദേശം 198
*ഡോ. കെ.വി. ശശി*

18. വിവർത്തനവും ഭാഷാശാസ്ത്രതത്വങ്ങളും പരസ്പരബന്ധങ്ങളും പൊതുസമീപനങ്ങളും 217
*ഡോ. രോഷ്നി സ്വപ്ന പി*

19. വിവർത്തനഭാഷയിലെ ജനപ്രിയ സംസ്കാരവായനകൾ 232
*ശാലിനി ആർ*

20. മാധ്യമങ്ങളിലെ ഭാഷാപരിണാമം 242
*രാജേഷ് കെ. എരുമേലി*

21. മലയാള വൈജ്ഞാനികതയും യുണീക്കോഡും 261
*ശരണ്യ .സി*

# 18

## വിവർത്തനവും ഭാഷാശാസ്ത്രതത്വങ്ങളും പരസ്പരബന്ധങ്ങളും പൊതുസമീപനങ്ങളും

ഡോ, രോഷ്നി സ്വപ്ന. പി


### സംഗ്രഹം

പ്രസക്തി വ്യക്തമാണ്.
വിവർത്തനമേഖലയിൽ ഭാഷാശാസ്ത്രത്തിന്റെ ഉറവിടഭാഷയെക്കുറിച്ചും
ഭാഷയില്ലാതെ വിവർത്തനം സാധ്യമല്ലെന്നും ചെയ്യാനാവില്ല
ലക്ഷ്യഭാഷയെക്കുറിച്ചുമറിയാതെ ഒരാൾക്ക് വിവർത്തനം വിവർത്തനപഠനങ്ങൾ
എന്നതും വ്യക്തമാണ്. സമകാലികലോകത്ത് വിവർത്തനമെന്നത്
അഭൂതപൂർവ്വമായ വിജയം നേടിക്കൊണ്ടിരിക്കുന്നു. എല്ലാ മേഖലകളി
ഒരു സർഗ്ഗാത്മകക്രിയ തന്നെയാണ്. തത്ഫലമായി പ്രത്യേകിച്ച്
ലെയും പണ്ഡിതൻമാർ വിവർത്തന പ്രതിഭാസത്തെക്കുറിച്ചും, വെന്നതിനെക്കുറിച്ചും
അത് അവരുടെ മേഖലകളെ എങ്ങനെ ബാധിക്കുന്നു ഒരു ഭാഷയെ
നിരന്തരം ഗവേഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. തുല്യമല്ലെന്ന് മന
അറിയുകയെന്നാൽ ഭാഷയെക്കുറിച്ചറിയുക എന്നതിന് വിവർത്തനത്തിന്റെ ഗുണ
സ്സിലാക്കുക കൂടി അവശ്യമാണ്. അതിനാൽ ഒന്നാണ് ഭാഷാ
നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഉറച്ച മാർഗ്ഗങ്ങളിൽ ബന്ധത്തെക്കുറിച്ചുള്ള
ശാസ്ത്രവും വിവർത്തനസിദ്ധാന്തങ്ങളും തമ്മിലുള്ള ചെറുതല്ലാത്ത
അറിവ്. ഭാഷയ്ക്കും ഭാഷാശാസ്ത്രത്തിനും വിവർത്തനത്തിലും ഒരു
പരസ്പരബന്ധമുണ്ട്. വാസ്തവത്തിൽ ഓരോ ഭാഷാശാസ്ത്രജ്ഞനും നിലയിൽ
സ്വയം ഭരണാധികാരവും സ്വതന്ത്ര്യവുമായ ഒരു ശിക്ഷണയെന്ന വിവർത്തനപ
വിവർത്തനം ആവശ്യമായ ഒരുഘടകമാണ്. പ്രത്യേകിച്ച്, പട
ഠനങ്ങൾ വിശാലവും അന്തർവൈജ്ഞാനികതയുടെ തലത്തിലേക്ക് വിശാലമായി
രുന്നതുമായ അവസരത്തിൽ, വിവർത്തനത്തെ കുറച്ചുകൂടി സൃഷ്ടിയുടെയും
സമീപിക്കേണ്ടതുണ്ട്. സംസ്കാരങ്ങൾക്കകത്തും പുറത്തും
ആശയവിനിമയത്തിന്റെയും അർത്ഥത്തിന്റെയും പരിവർത്തനത്തിന്റെയും
കൂടുതൽ പൊതുവായ വൈജ്ഞാനികവും സാംസ്കാരികവുമായ പ്രക്രിയ

കളുടെ ഒരു തൽക്ഷണമായി വിവർത്തനത്തെ ഇന്ന് കാണേണ്ടി വരുന്നു.

പരസ്പരബന്ധിതമായ വിവർത്തനം, ഭാഷാശാസ്ത്രം, ഭാഷ എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട വിവർത്തനസിദ്ധാന്തങ്ങളെക്കുറിച്ചുമുള്ള പ്രാഥമിക നിരീക്ഷണം മാത്രമാണ് ഈ പ്രബന്ധത്തിൽ ഉള്ളത്.

വിവർത്തനമെന്നത് പൊതുവെ ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. കാരണം ഭാഷാശാസ്ത്രപഠനത്തിന്റെ ലക്ഷ്യത്തിൽത്തന്നെ വിവർത്തനം ഭാഷയുടെ വശങ്ങളുമായി ബന്ധപ്പെട്ടതാണ്, മാത്രമല്ല അതിന്റെ ചില പൊതുതത്വങ്ങൾ ഭാഷയുടെ പൊതുസിദ്ധാന്തത്തിൽ നിന്ന് ഉരുത്തിരിഞ്ഞതുമാണ്.

വിവർത്തനസിദ്ധാന്തങ്ങളിലെ 'ഭാഷാപരമായ ചിഹ്നം' എന്ന ആശയത്തിന് നൽകുന്ന പ്രാധാന്യം നിസ്സംശയമായും പൊതുവായ ഭാഷാശാസ്ത്രത്തിൽ നിന്നുള്ള ഒരു മുന്നേറ്റമാണ് കാണിക്കുന്നത്. വിവർത്തനത്തിൽ ഭാഷാശാസ്ത്രം ഇടപെടുമ്പോൾ, ഭാഷയുടെ പൊതുവായ സവിശേഷതകളെ സാഹിത്യവുമായോ ഭാഷാസമൂഹവുമായോ ബന്ധപ്പെടുത്തുകയെന്നതുകൂടി സംഭവിക്കുന്നുണ്ട്. ഭാഷയുടെ സ്വഭാവനിർണയത്തിന് ഇത് സഹായകമാകും. ഭാഷയുടെ വൈജ്ഞാനിക സ്വഭാവത്തെയോ സാമൂഹിക സ്വഭാവത്തെയോ ഗ്രാഹ്യതയെയോ നമുക്ക് ഇത്തരത്തിൽ വേർതിരിച്ചെടുക്കാൻ സാധിക്കും. അതിനാൽ വിവർത്തനം ഭാഷയിൽ നിന്നും ഭാഷാശാസ്ത്രത്തിൽ നിന്നും വേർതിരിക്കുക പ്രയാസം.

വിവർത്തനത്തെക്കുറിച്ച് വ്യത്യസ്തമായ ചില നിരീക്ഷണങ്ങൾ കൂടി ചിലർ പങ്കു വയ്ക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ, വിവർത്തനം ഒരു ശാസ്ത്രമാണെന്നും കലയാണെന്നതും കൗതുകമാണെന്നതുമാണ്.

യൂജിൻ നൈഡയുടെ അഭിപ്രായത്തിൽ

മനുഷ്യൻ നിർമിച്ച കാര്യങ്ങൾക്കായി മനുഷ്യനുണ്ടാക്കിയ നിയമാവലികളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ ശാസ്ത്രമാണ് വിവർത്തനം എന്നാണ്.

വിവർത്തനമെന്നത് പ്രയുക്തഭാഷാശാസ്ത്രത്തിന്റെ (applied linguistics) ഒരു സുപ്രധാന ഭാഗമാണ്.

സ്വനവിജ്ഞാനം (Phonology)
രൂപവിജ്ഞാനം (Morphology)
അർത്ഥവിജ്ഞാനം (Semantics)
വാക്യവിന്യാസം (Syntax)

എന്നീ ഭാഷാശാസ്ത്രതലങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾക്കെല്ലാം തന്നെ വിവർത്തനവുമായി അടുത്ത ബന്ധമുണ്ട്.



വിവർത്തനം ചെയ്യേണ്ട പാഠം ശരിയായി ഡീകോഡ് ചെയ്തു ലഭിക്കുന്ന ആശയത്തെ കൃത്യമായി കോഡ് ചെയ്യുന്നതിലൂടെ ലക്ഷ്യഭാഷാപാഠത്തിൽ അവതരിപ്പിക്കുകയാണ് വിവർത്തനത്തിൽ. ഭാഷാശാസ്ത്രത്തിന്റെ പ്രധാന പ്പെട്ട ഈ കാഴ്ചപ്പാടിനനുസൃതമായി അപഗ്രഥനവും ഉദ്ഗ്രഥനവും സമന്വയവും ഈ പ്രക്രിയയിൽ ഉൾപ്പെടുന്നുണ്ട്. ശാസ്ത്രീയവിശകലനവും വസ്തുനിഷ്ഠതയും ഇതിലടങ്ങിയതിനാൽ ശാസ്ത്രമാണെന്ന വാദം നിലനിൽക്കുന്നു.

വിവർത്തനമെന്നത് സാഹിത്യകൃതികളുടെ രചനപോലെ തന്നെ ഒരു സർഗ്ഗാത്മകപ്രവർത്തിയായതുകൊണ്ട് വിവർത്തനം ഒരു കലയെന്ന രീതിയിലും സങ്കൽപ്പിക്കാം.

വിവർത്തനത്തിൽ വിവർത്തകൻ ശാസ്ത്രീയതയോ സാങ്കേതികതയോ മാത്രം പരിശീലിച്ചാൽ പോരാ എന്നതിനാലും ഭാഷയിലും സാഹിത്യത്തിലും നൈപുണ്യവും പ്രതിഭയും ആവശ്യമാണ് എന്നതിനാൽ വിവർത്തനം ഒരു ക്രാഫ്റ്റ് കൂടിയാവുന്നു.

ആദ്യകാല വിവർത്തനസിദ്ധാന്തങ്ങൾ പലതും വിവർത്തകരുടെ കുറിപ്പുകളായാണ് കണ്ടെടുക്കപ്പെട്ടിട്ടുള്ളത്.

ഫ്രാൻസിലെ എറ്റിയെൻ ഡോലറ്റ് (Etien Dolet) ആണ് വിവർത്തന പഠനമേഖലയിലെ ആദ്യ സിദ്ധാന്തം അവതരിപ്പിക്കുന്നത്.

1509 മുതൽ 1546 വരെയാണ് അദ്ദേഹത്തിന്റെ കാലം.

വിവർത്തനമെന്നത്, സാധാരണയായി ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് ഒരു സന്ദേശം പരിവർത്തനം ചെയ്യുന്ന പ്രക്രിയയെ സൂചിപ്പിക്കുന്നു. കൂടുതൽ വ്യക്തമായിപ്പറഞ്ഞാൽ പ്രക്രിയയുടെ ലിഖിതരൂപത്തിലേക്ക് വാമൊഴിരൂപങ്ങളെ സൂചിപ്പിക്കുന്നു. ആയതിനാൽ വിവർത്തനസിദ്ധാന്തം എന്നറിയപ്പെടുന്ന ഇന്റർലിംഗ്വൽ കമ്മ്യൂണിക്കേഷന്റെ (Interlingual communication) പഠനം വ്യാഖ്യാനത്തെയും ഉൾക്കൊള്ളുന്നു. പരിവർത്തനം രേഖാമൂലമുള്ള പ്രവർത്തനങ്ങൾക്കു മാത്രമായി നീക്കിവച്ചിരിക്കുന്നു. അതേ സമയം, അല്ലെങ്കിൽ തുടർച്ചയായി വാമൊഴിയായി നടത്തുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യാഖ്യാനവും വിവർത്തനവും തമ്മിലുള്ള വ്യത്യാസം അവയുടെ പ്രവർത്തനരീതികളിലാണ്. വിവർത്തനത്തിന്റെ ഗ്രാഫിക സ്വഭാവവും പാഠത്തിന്റെ സ്ഥിരതയും, വിവർത്തനവും വ്യാഖ്യാനവും തമ്മിലുള്ള ദ്വൈതാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുന്നു. വിവർത്തനവും വ്യാഖ്യാനവും ഏതാണ്ട് ഒരുപോലെയാണെങ്കിലും ഒരിക്കലും സാമാന്യവൽക്കരിച്ചുള്ള ഒരു നിർവചനത്തിലേക്കവയെ ചേർത്തുനിർത്താനാവില്ല. കാരണം 'ഒരുവ്യാഖ്യാനം' ലളിതവും സംഭാഷണപരവുമായിരിക്കാം. 'വിവർത്തനം' വ്യാഖ്യാനത്തിൽ കൂടുതൽ ആവർത്തനം ഉൾപ്പെടുന്നു. കൂടുതൽ സംക്ഷിപ്തവും കൃത്യതയുള്ളതുമാണ്.

## ഭാഷാശാസ്ത്രവും വിവർത്തനവും

വിവർത്തനമെന്നത് ഡെറിവേറ്റീവുകളും പകർപ്പുകളും മാത്രമായി മാറിയിരിക്കുകയാണിന്ന്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള യാന്ത്രികഉപകരണങ്ങൾ മാത്രമല്ല ഭാഷാശാസ്ത്ര കോഡുകൾ. വിവർത്തനപഠനങ്ങൾ വളർന്നപ്പോൾ, ആശയങ്ങൾക്കും പ്രചോദനങ്ങൾക്കുമായി മറ്റുമേഖലകളിലേക്കു കൂടി വികസിക്കുകയായിരുന്നു. ഭാഷാശാസ്ത്രമടക്കമുള്ള ഇതരപഠനമേഖലകളായ മാധ്യമപഠനം, വുമൺസ്റ്റഡീസ്, ലിംഗപഠനം, സാഹിത്യവിമർശനം ഇടങ്ങിയ മേഖലകൾ വിവർത്തനപഠനത്തിലെ പ്രധാനമേഖലയായിത്തീർന്നു.

എന്നിരുന്നാലും ഒരു ഭാഷയിലുള്ള കൃതി മറ്റൊരു ഭാഷയിലേക്കു മാറ്റിയെഴുതുകയെന്നത് അടിസ്ഥാനപരമായിത്തന്നെ ഒരു ഭാഷാശാസ്ത്രപ്രക്രിയയാണ് എന്നാണ് ഭാഷാശാസ്ത്രം പറയുന്നത്. ജെ.സി. കാറ്റ്ഫോർഡിന്റെ വിവർത്തന നിർവചനാടിസ്ഥാനത്തിൽ നമുക്കിത് ഉറപ്പിക്കാവുന്നതാണ്.

'Translation is an operation on languages: a process of substitating text in one language for a text in another clearly than any theory of translation must draw upon a theory of language' എന്നാണ് A General Linguistic Theory യിൽ ജെ.സി. കാറ്റ്ഫോർഡ് പറയുന്നത്.

വിവർത്തനത്തിന്റെ ഭാഷാശാസ്ത്രസിദ്ധാന്തം (A linguitic theory of translation) എന്ന വിഖ്യാതഗ്രന്ഥത്തിൽ ജെ.സി. കാറ്റ്ഫോർഡ് ഭാഷാധിഷ്ഠിതവും സുദൃഢവുമായ അടിത്തറയാണ് വിവർത്തനത്തിന് നൽകുന്നത്. കാറ്റ്ഫോർഡ് പറയുന്നത്, ഭാഷയിൽ നടത്തുന്ന ക്രിയയാണ് വിവർത്തനം. വിവർത്തനവുമായി ബന്ധപ്പെട്ട ഏതു സിദ്ധാന്തവും സാമാന്യഭാഷാശാസ്ത്ര തത്വങ്ങളെയാണ് ആശ്രയിക്കുന്നത്. താരതമ്യാത്മക ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയായാണ് കാറ്റ്ഫോർഡ് വിവർത്തനസിദ്ധാന്തങ്ങളെ സമീപിച്ചത്.

വ്യാകരണഭാഷയിലെ 'ആദേശം' പോലെ സ്ഥാനവത്കരണവുമായി (placement) വ്യാഖ്യാനിക്കാവുന്നതാണ് കാറ്റ്ഫോർഡിന്റെ വിവർത്തനസമീപനം. സ്രോതഭാഷയുടെ (source language) പഠനസാമഗ്രിയുടെ സ്ഥാനത്ത് ലക്ഷ്യഭാഷയിലെ (target language) പഠനസാമഗ്രി പ്രയോഗിക്കുന്നതിനെയാണ് മേൽപ്പറഞ്ഞ പ്രക്രിയയുമായി കാറ്റ്ഫോർഡ് ചേർത്തുവായിക്കുന്നത്.

പൂർണവിവർത്തനം, ഭാഗികവിവർത്തനം എന്നിങ്ങനെ രണ്ടുതരത്തിലാണ്വിവർത്തനവിഭാഗങ്ങൾ.സ്രോതഭാഷയിലെവിവർത്തനസാമഗ്രിയെ ലിപി, ധ്വനി ഭാഗങ്ങൾ വ്യാകരണ ഭാഗ ശബ്ദകോശം എന്നിങ്ങനെ തരംതിരിച്ച് ഏതെങ്കിലുമൊരു തലത്തിലോ, പല തലങ്ങളിലോ വിവർത്തനം



നടത്താം. ഏതെങ്കിലുമൊരു തലത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു ചെയ്യുന്ന വിവർത്തനത്തെ 'റൗണ്ട് ബാങ്ക് ട്രാൻസ്‌ലേഷൻ' എന്നു പറയുന്നു.

സ്രോതഭാഷയുടെയും ലക്ഷ്യഭാഷയുടെയും വ്യത്യസ്ത അടരുകൾ തമ്മിൽ രണ്ടുവിധത്തിലുള്ള ബന്ധം കാണാം.

1. രൂപാധിഷ്ഠിത തുല്യത (Formal correspondence)
2. സന്ദർഭാധിഷ്ഠിത തുല്യത (Contextual correspondence)

വ്യാകരണഘടന, അക്ഷരനിയമങ്ങൾ എന്നിവ രണ്ടുഭാഷകളിൽ സമാനമായി കണ്ടെത്താനാവാത്തതിനാൽ രൂപാധിഷ്ഠിത തുല്യതക്ക് സാധ്യതകുറവാണ്. എന്നാൽ വ്യത്യസ്തതകൾ നിലനിർത്തുന്ന ഭാഷകൾ ചില സന്ദർഭങ്ങളിൽ ഒരുപോലെ അർത്ഥസംവേദനം / അർത്ഥാഭിവ്യക്തി പ്രകടിപ്പിക്കാനുള്ള സാധ്യതയുണ്ട്. അങ്ങനെ വരുമ്പോൾ സന്ദർഭാധിഷ്ഠിത തുല്യതക്ക് സാധ്യതയുണ്ട്.

"Translation equaivalence occurs when an SL and TL tex or items are related to (al least some of) the same features of substance" എന്ന് ജെ.സി. കാറ്റ്ഫോർഡ് Conditions of Equivalence എന്ന ലേഖനത്തിൽ പറയുന്നുണ്ട്. (Linguistics theory of translation, Oxford University Press, London, 1965) P 50.

ഒരു സ്രോതഭാഷാസാമഗ്രിയും ഒരു ലക്ഷ്യഭാഷാസാമഗ്രിയും അർത്ഥത്തിന്റെ സമാനമായ സവിശേഷതകളുമായി ചേർന്നു നിൽക്കുന്നുവെങ്കിൽ അവ തമ്മിലുള്ള വിവർത്തനം സാധ്യമാക്കാം എന്നാണ് കാറ്റ്ഫോർഡിന്റെ കണ്ടെത്തലിന്റെ സാരം.

തിയോഡർ സാവറി എന്ന ഭാഷാശാസ്ത്രജ്ഞനാകട്ടെ ഇതിൽ നിന്ന് വിരുദ്ധമായ ചില കണ്ടെത്തലുകളാണ് അവതരിപ്പിച്ചത്.

വിവർത്തനം നടക്കുമ്പോൾ മൂലകൃതിയിലെ വാക്കുകൾ നിലനിർത്തണമെന്നും ആശയങ്ങൾ നിലനിർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൂടാതെ വിവർത്തനകൃതി വായിക്കുമ്പോൾ മൂലകൃതിയുടെ അനുഭവം ലഭിക്കണമെന്നും അതേസമയം അത് വിവർത്തനമാണെന്നും അദ്ദേഹം പറയുന്നു. കൂടാതെ വിവർത്തനകൃതിയിൽ മൂലകൃതിയുടെ ശൈലിയും വിവർത്തകന്റെ ശൈലിയും ഉണ്ടാവണം എന്നുകൂടി അദ്ദേഹം പറയുന്നു.

ഇത്തരം വാദങ്ങൾ പരസ്പരവിരുദ്ധമായാണ് അനുഭവപ്പെട്ടത്.

കാറ്റ്ഫോർഡിനെക്കൂടാതെ 20-ാം നൂറ്റാണ്ടിലെ, വിവർത്തനത്തെ സംബന്ധിച്ച ഗവേഷണങ്ങൾക്ക് പ്രധാന സംഭാവന നൽകിയവരിൽ പ്രമുഖരാണ് യൂജിൻ എ നൈഡ, പീറ്റർ ന്യൂമാർക്ക് എന്നിവർ. നൈഡയുടെ ആശയമനുസരിച്ച് വിവർത്തനത്തിന് മൂന്ന് ഘട്ടങ്ങളാണ്.

മൂലകൃതിയും അതിന്റെ പ്രസക്തിയും കണ്ടെത്തലാണ് ആദ്യഘട്ടം.

രണ്ടാമതായി മൂലകൃതിയിലെ പ്രതിപാദ്യ ആശയം ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുകയാണ് ചെയ്യുക. മൂന്നാംഘട്ടത്തിൽ ലക്ഷ്യഭാഷയിലെ ശൈലിക്കും അർത്ഥത്തിനും യോജിക്കുന്ന വിധം വിവർത്തനത്തെ ക്രമീകരിക്കുന്നു.

നൈഡയുടെ അഭിപ്രായത്തിൽ

വിവർത്തനം ചെയ്യുമ്പോൾ സാംസ്കാരികസന്ദർഭം, പരിസരം, ഭാഷാപരവും സാഹിത്യപരവും പ്രയോഗപരവുമായ ശൈലികൾ, ആശയവിനിമയത്തിനുപയോഗിക്കുന്ന മാധ്യമം എന്നീ ഘടകങ്ങൾക്കനുസരിച്ച് കൃത്യമായ ചിട്ടകൾ പാലിക്കേണ്ടി വരും.

(Translating involves certain rather severe restrictions imposed by the cultural contexts and linguistics literary style or media communications' Eugin A Nida, TOWARDS A SCIENCE OF TRANSLATION, 1964, P-4)

നൈഡയുടെ അഭിപ്രായത്തിൽ വിവർത്തകൻ പ്രധാനമായി അനുവർത്തിക്കേണ്ട അഞ്ചുഘടകങ്ങൾ ഇവയാണ്.

1. മൂലകൃതിയിലെ ആശയം
2. ആർക്കുവേണ്ടിയാണോ വിവർത്തനം നടത്തുന്നത്.
3. എഴുത്തിലൂടെയോ പറച്ചിലിലൂടെയോ ആയ പ്രവർത്തിയാണെന്ന ബോധ്യം.
4. ഏതു കോഡാണോ ഉപയോഗിക്കുന്നത്
5. മൂലകൃതിയിലെ പ്രധാനപ്പെട്ട ആശയങ്ങളെയും സംവേദനങ്ങളെയും പ്രതീകങ്ങളിലൂടെയും ബിംബങ്ങളിലൂടെയും അവതരിപ്പിച്ചിരിക്കുന്ന രീതി.

പക്ഷെ ന്യൂമാർക്കിന്റെ അഭിപ്രായം 'വിവർത്തനമെന്നത് ഒരു ഭാഷയിൽ ആവിഷ്കരിക്കപ്പെട്ട ആശയം മറ്റൊരു ഭാഷയിലേക്ക് പ്രതിഷ്ഠാപനം ചെയ്യലാണ് എന്നാണ്.

(Translation is a craft consisting in the attempt to replace a written message or statement in another language' Peter Newmark, Approaches to Translation, 1981, P.7 )

പ്രധാനപ്പെട്ട ചില ചിന്തകരുടെ വിവർത്തനസിദ്ധാന്തങ്ങൾ ഏതൊക്കെ വിധത്തിൽ ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് ഇനിയുള്ള ഭാഗങ്ങളിൽ പരിശോധിക്കാം.

## യൂജിൻ നൈഡയും വിവർത്തനശാസ്ത്രവും

ഭാഷാശാസ്ത്രത്തോടനുബന്ധപ്പെടുത്തി വിവർത്തനശാസ്ത്രത്തെക്കുറിച്ച് ചിന്തിച്ചു എന്നതാണ് വിവർത്തനസിദ്ധാന്തത്തിന്റെ പരിണാമചരിത്രത്തിൽ യൂജിൻ ആൽബർട്ട് നൈഡയുടെ പ്രസക്തി.



1964-ൽ Toward a Science of Translating എന്ന ബൈബിൾ വിവർത്ത
നം, പൊതുവായ വിവർത്തനസിദ്ധാന്തങ്ങളുടെ ബൈബിൾ എന്ന നിലക്ക്
അംഗീകാരം നേടുകയുണ്ടായി.

നോംചോംസ്കിയുടേതടക്കമുള്ള ആധുനികഭാഷാസിദ്ധാന്തങ്ങളിൽ
നിന്ന് ഉപാദാനങ്ങൾ ശേഖരിച്ചുകൊണ്ടാണ് നൈഡ തന്റെ കണ്ടെത്തലുകളെ
ക്രോഡീകരിച്ചത്. നൈഡയുടെ വിവർത്തനശാസ്ത്ര (Science of Translation)
ത്തോട് അനുകൂലമായും പ്രതികൂലമായും മുന്നോട്ടുവന്ന വായനകളും വിമർശ
നങ്ങളും വിവർത്തനത്തിന്റെ മേഖലയിൽ പറയത്തക്ക സ്വാധീനം ചെലുത്തു
കയുണ്ടായി. ബൈബിളിന്റെ വിവർത്തനമേഖലയിലായിരുന്ന നൈഡയുടെ
പ്രതിഭ. ഭാഷാശാസ്ത്രസമീപനങ്ങളുടെ സഹായത്തോടെ സൈദ്ധാന്തികവും
ഭാഷാപരവുമായ പരിപ്രേക്ഷ്യം ചാർത്തിക്കൊടുക്കാൻ നൈഡക്കു സാധിച്ചു.

ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തുന്ന എല്ലാ
സിദ്ധാന്തങ്ങളെയും പൊതുവായ വിവർത്തനങ്ങൾക്കും സഹായകമാകുംവി
ധം ഉപയോഗിക്കാം എന്നായിരുന്നു നൈഡയുടെ കാഴ്ചപ്പാട്. ഇത് പലരാലും
എതിർക്കപ്പെട്ടിട്ടുണ്ട്. ബൈബിൾ വിവർത്തനത്തെ മാത്രം അടിസ്ഥാനമാ
ക്കി രൂപപ്പെടുത്തുന്ന നിർദ്ദേശങ്ങൾ എല്ലാ കൃതികൾക്കും ബാധകമാക്കാൻ
സാധിക്കില്ല എന്നായിരുന്നു വിമർശകമതം.

വിഷയവൈപുല്യം, ഭാഷാവൈപുല്യം, ചരിത്രപരത, സാംസ്കാരികാം
ശങ്ങളുടെ പങ്കാളിത്തം, എണ്ണമറ്റ കൈയ്യെഴുത്തുപ്രതികൾ, നാനാതരത്തിലുള്ള
വിവർത്തകരുടെ സാന്നിദ്ധ്യം, വിവർത്തനത്തിൽ പലരും കൈയ്യാളിയ
വ്യത്യസ്ത വീക്ഷണങ്ങൾ എന്നീ പ്രത്യേകതകൾ ബൈബിളിന്റെ വിവർത്തന
മേഖലയിൽ തന്നെയാണ് ഇത്രക്ക് വിശാലമായി കാണാൻ കഴിയുന്നത്.

നൈഡയുടെ വിവർത്തന സിദ്ധാന്തങ്ങൾ 'സിദ്ധാന്തപരം' എന്നതി
ലുപരിയായി സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം കണ്ടെത്തിയ
പ്രായോഗിക സിദ്ധാന്തങ്ങളായിരുന്നു. പത്താംനൂറ്റാണ്ടിൽ ഉണ്ടായ സാങ്കേ
തികതുല്യത, രൂപതുല്യത, പദാനുപദവിവർത്തനം തുടങ്ങി വ്യവസ്ഥാപിത
ക്ലാസിക്കൽ സങ്കേതങ്ങളുടെ പുനരുദ്ധാരണവാദത്തോട് നൈഡക്കുണ്ടായ
അതൃപ്തി കൂടി ഈ പ്രായോഗികവിവർത്തനസിദ്ധാന്തങ്ങളുടെ കണ്ടെത്തലിൽ
പ്രകടമാണ്.

മാത്യൂആർനോൾഡിന്റെ കണ്ടെത്തലുകളോട് നൈഡ വിയോജിപ്പ്
പ്രകടിപ്പിച്ചിരുന്നു.

രൂപം (form) - ഉള്ളടക്കം (content) - പദാനുപദം (word by word) -
സ്വാതന്ത്ര്യം ഇത്തരത്തിലുള്ള വിരുദ്ധസ്വത്വങ്ങളെ/പരമ്പരാഗത വിവർത്തന
ദ്വന്ദ്വങ്ങളെ മുൻനിർത്തി കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു നൈഡയുടെ
പക്ഷം. ഉള്ളടക്കത്തിലും സ്വാതന്ത്ര്യസങ്കൽപ്പത്തിലുമാണ് നൈഡ ശ്രദ്ധ
കേന്ദ്രീകരിച്ചത്.

**ചോംസ്കിയുടെ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളും നൈഡയുടെ വിവർ
ത്തനസിദ്ധാന്തങ്ങളും**

നോംചോംസ്കിയുടെ ചില സിദ്ധാന്തങ്ങൾ നൈഡ സ്വീകരിച്ചിരു
ന്നു. രചനാവ്യാകരണം, ആന്തരഘടന, ബാഹ്യഘടന എന്നിവയായിരുന്നു
അത്. ചോംസ്കിയുടെ വാക്യരചനാസിദ്ധാന്തവും രചനാന്തരണവ്യാക
രണവും യഥാർത്ഥത്തിൽ വിവർത്തനമേഖലയെ മുന്നിൽകണ്ടുകൊണ്ട്
എഴുതിയ സിദ്ധാന്തങ്ങളായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അദ്ദേഹ
ത്തിന് അത് താത്പര്യവുമുണ്ടായിരുന്നില്ല.

Pharse structure (പദസംഹിതാഘടന)

Deep structure (അന്തരഘടന)

Surface structure (ബാഹ്യഘടന)

എന്ന ചോംസ്കിയുടെ മൂന്ന സിദ്ധാന്തങ്ങളിൽ നിന്ന് ആന്തരഘടന
യും ബാഹ്യഘടനയും മാത്രമാണ് നൈഡ സ്വീകരിച്ചത്. ചോംസ്കിയിൽ
നമുക്ക് ഏറ്റവും സ്വീകാര്യമായി തോന്നുക, രണ്ടോ അതിലധികമോ ഭാ
ഷകൾക്കിടയിലെ ഘടനാപരമായ സാമ്യങ്ങൾ, ഭാഷകൾ തമ്മിലുള്ള വി
നിമയസിദ്ധി എന്നിവയാണ്. വിവർത്തനത്തിന്റെ മേഖലയിൽ ഏറ്റവും
കൂടുതൽ സ്വീകാര്യമായതും ഈ രണ്ടു ഘടകങ്ങളാണ്.

നൈഡയുടെ സിദ്ധാന്തങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഭാഷ ഏതൊക്കെ രൂപങ്ങളിലേക്കു കൂടുമാറിയാലും ഭാഷയ്ക്ക് അടി
സ്ഥാനപരമായി ഒരു സത്തയുണ്ടായിരിക്കും. (a deep coherent
and unified entity) ചോംസ്കിയിൽ നിന്ന് സ്വീകരിച്ച core, kernel,
deep structure, essence, spirit എന്നീ പദങ്ങളാണ് നൈഡ ഉപ
യോഗിക്കുന്നത്.

2. എല്ലാ ഭാഷകൾക്കും പൊതുവിലുള്ള ആന്തരഘടന എന്തെന്നു
കണ്ടെത്തുകയും വിവിധ ഭാഷകളിൽ അത് ആവിഷ്കരിക്കുന്നതിനു
ള്ള വഴികൾ നിർവഹിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്തു നൈഡ.

3. തന്റെ വിവർത്തനശാസ്ത്രമനുസരിച്ച് വിവർത്തനപ്രക്രിയയെ വിശദ
മാക്കാൻ സാധിക്കും എന്ന് നൈഡ വിശ്വസിച്ചു. ഇതനുസരിച്ചാണ്
നൈഡ തന്റെ വിവർത്തനശാസ്ത്രം രൂപപ്പെടുത്തിയതുതന്നെ. ആന്ത
രഘടന, രചനാന്തരണനിയമങ്ങൾ, ബാഹ്യഘടന എന്നിവ എല്ലാ
ഭാഷകൾക്കുമുള്ള പൊതുവായ സിദ്ധാന്തമാതൃകകൾ ആണെന്ന്
വിശ്വസിക്കുകയും ചെയ്തു.

4. നൈഡയുടെ വിവർത്തനനിർവചനം ഇത്തരത്തിലാണ്. മൂലഭാഷ
യിലെ സന്ദേശത്തോട് ഏറെ ചേർന്നു നിൽക്കുന്നതും, സമാനമായ



ദൗത്യം/സന്ദേശം ലക്ഷ്യഭാഷയിൽ സൃഷ്ടിക്കലുമാണ് വിവർത്തന
മെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അർത്ഥത്തിന് മുഖ്യപ്രാധാന്യ
വും ശൈലിക്ക് രണ്ടാമതുമായാണ് നൈഡ കൽപ്പിച്ചത്.

5. സംവേദനസിദ്ധാന്തം (Communication theory) സംവേദന സിദ്ധാ
ന്തത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും സാധ്യതകളെ ബൈബിൾ
വിവർത്തനത്തിൽ ആധാരമാക്കണമെന്ന് നൈഡ ആവശ്യപ്പെട്ടു.
ചിഹ്നങ്ങളേക്കാൾ ചിഹ്നങ്ങളോടുള്ള പ്രതികരണങ്ങളിലാണ്
നൈഡ ശ്രദ്ധ കേന്ദ്രീകരിച്ചത്.

രൂപത്തിനല്ല; രൂപത്തിനുപിന്നിലെ സന്ദേശത്തിനാണ് പ്രാധാന്യ
മെന്നും വിവർത്തനത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നത് പൂർണ
മായും വിവർത്തകൻ തന്നെയാണെന്നും അദ്ദേഹം വാദിച്ചു.

നൈഡയും തുല്യതാസങ്കൽപമനുസരിച്ച് സ്രോതഭാഷയിലെ മൂല
കൃതിയുടെ ഉദ്ദേശം/ഉള്ളടക്കം ഒട്ടും ചോർന്നുപോകാതെ തന്നെ ലക്ഷ്യ
ഭാഷയിലേക്ക് വിവർത്തനം ചെയ്തെടുക്കാമെന്നാണ് കണ്ടെത്തിയത്.

വിവർത്തനത്തിലെ ചലനാത്മകത തുല്യതയെയാണ് (Dynamic
Equivalane) നൈഡ വിവർത്തനപ്രക്രിയയുടെ ഭാഗമാക്കാൻ ശ്രമിക്കുന്നത്.

Dynamic equivalance എന്ന പദ്ധതിയെ പിന്നീട് Functional
equivalance എന്ന് നൈഡ പരിവർത്തനം ചെയ്യുന്നുണ്ട്.

മൂലകൃതിയുടെ അർത്ഥമെന്നത് സുസ്ഥിരമാണെന്നും അത് വിശു
ദ്ധമാണെന്നും സ്ഥലകാലാതിർത്തിയായ അസ്ഥിത്വമാണ് ആ അർത്ഥ
ത്തിനുണ്ടാവുകയെന്നും നൈഡ കണ്ടെത്തുന്നുണ്ട്. നൈഡയുടെ തുല്യ
താസിദ്ധാന്തം സാഹിത്യകൃതികളുടെ വിവർത്തനപദ്ധതിയിൽ നിന്ന്
6. വഴുതിപ്പോകാനുള്ള കാരണവും ഇതുതന്നെയാണ്.

സ്രോതഭാഷയിലെയും ലക്ഷ്യഭാഷയിലെയും സ്വീകർത്താക്കളുടെ
പ്രതികരണം ഒരു പോലെയായിരിക്കാൻ നൈഡ പാഠത്തിൽ/
കൃതിയിൽ വ്യതിയാനങ്ങൾ വരുത്തണമെന്ന് ആഹ്വാനം ചെയ്യു.

(ജൻസ്ലർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നുണ്ട്. മതപര
ചര്യങ്ങൾക്ക് സ്വീകാര്യമായ വിവർത്തനസിദ്ധാന്തങ്ങളാണ് നൈഡ
കണ്ടെത്തിയത് എന്നാണ് ജൻസ്ലറിന്റെ വാദം)

സത്താനിർമ്മിതി (Kernel Constructions) എന്ന ആശയമാണ്
നൈഡയുടെ വിവർത്തനസിദ്ധാന്തത്തിനാധാരം. മൂന്ന് മാതൃകകളാണ്
നൈഡ മുന്നോട്ട് വെച്ചത്.

1. വിവർത്തനം ചെയ്യേണ്ട കൃതിയെ പരമാവധി ലളിതവും അർത്ഥപൂർ
ണവുമായ 'സത്ത'കൾ (Kernel) ആക്കിമാറ്റുക.